**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2945** **07.11.2019-ൽ മറുപടിക്ക്**

**മലയോര ഹൈവേയുടെ പുരോഗതി**

**ചോദ്യം**

**ശ്രീ.റോഷി അഗസ്റ്റിൻ**

**,, മോൻസ് ജോസഫ്**

**,, സി.എഫ്.തോമസ്**

**,, പി.ജെ.ജോസഫ്**

**മറുപടി**

**ശ്രീ.ജി.സുധാകരൻ**

**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

**(എ)** മലയോര ഹൈവേയുടെ അലയിൻമെന്റിന്റെ വിശദപരിശോധനയിൽ വനമേഖലയെ ഒഴിവാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

**(എ)** വനം വകുപ്പുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ ഏതാനും ഡിവിഷനുകളിലെ ചില മേഖലയിൽ അലൈൻമെന്റ് പുനർ ക്രമീകരണം നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ അലൈൻമെന്റിൽ മാറ്റം വരുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് എന്നറിയിക്കാമോ; എത്ര റീച്ചുകളായിട്ടാണ് പദ്ധതികൾ ആരംഭിക്കുന്നത്; എത്രമീറ്റർ വീതിയിലാണ് റോഡ് നിർമ്മാണം നടന്നുവരുന്നത് എന്ന് വിശദമാക്കാമോ?

**(ബി)** കേരളത്തിലെ ആലപ്പുഴ ഒഴികെയുള്ള 13 ജില്ലകളിലായി 1251 കി.മീ. നീളത്തിലാണ് മലയോര ഹൈവേ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഓരോ ജില്ലയിലൂടെയും കടന്നു പോകുന്ന മലയോര ഹൈവേ ഭാഗം വിവിധ റീച്ചുകളായി തിരിച്ചാണ് മലയോര ഹൈവേയുടെ നിർമ്മാണം നടപ്പിലാക്കുന്നത്. 12 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമാക്കിയാണ് മലയോര ഹൈവേ നിർമ്മിക്കുന്നത്. ഇതുവരെ 26 റീച്ചുകളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചു (തിരുവനന്തപുരം - 4, കൊല്ലം - 1, ഇടുക്കി - 3, എറണാകുളം -2, തൃശ്ശൂർ -2, പാലക്കാട് - 2, മലപ്പുറം -3, കോഴിക്കോട് -3, വയനാട് - 2, കാസർഗോഡ് - 4). ഇതിൽ 18 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. ഈ 18 റീച്ചുകൾക്കുമായി 1506.24 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കിഫ്ബിയിൽ നിന്ന് സാമ്പത്തികാംഗീകാരം ലഭിച്ച റീച്ചുകളുടെ ആകെ നീളം 460.599 കി.മീ. ആണ്. തിരുവനന്തപുരം ജില്ലയിലെ 2 റീച്ചുകളും കൊല്ലം, വയനാട് ജില്ലകളിലെ ഓരോ റീച്ചും കാസർഗോഡ് ജില്ലയിലെ 3 റീച്ചുകളും ഉൾപ്പെടെ 177.702 കി.മീ. ദൂരത്തിൽ 7 റീച്ചുകളുടെ നിർമ്മാണം ആരംഭിച്ചു

സെക്ഷൻ ഓഫീസർ